# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/178/2017 **പത്രക്കുറിപ്പ്** 2017 ആഗസ്റ്റ് 24

**എം. ജി ബിരുദ ഏകജാലകം : മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അർഹരായവർ ഇന്ന് (ആഗസ്റ്റ് 25)ന് വൈകിട്ട് 4 മണിക്ക് മുൻപായി പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിന് മൂന്നാം ഫൈനൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. പ്രവേശനത്തിന് അർഹത ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ഇന്ന് (ആഗസ്റ്റ് 25) വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 25 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്. ഫൈനൽ അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടേണ്ടതാണ്. ഫൈനൽ അലോട്ട്മെന്റിൽ ഹയർ ഓപ്ഷൻ സൗകര്യം ലഭ്യമല്ലാത്തതിനാൽ സ്ഥിരപ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

**പരീക്ഷകൾ മാറ്റി**

മഹാത്മാഗാന്ധി സർവ്വകലാശാല ആഗസ്റ്റ് 29 ന് നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്. അന്നേദിവസം കോളേജുകൾ നടത്താൻ നിശ്ചയിച്ചിട്ടുള്ള ഇന്റേണൽ പരീക്ഷകളും മാറ്റിവയ്ക്കേണ്ടതാണ്.

**പുതുക്കിയ പരീക്ഷാതീയതി**

ആഗസ്റ്റ് 22 ന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ എം. എസ്‌സി. അപ്ലൈഡ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ (സി. എസ്. എസ് - 2013 അഡ്മിഷൻ റഗുലർ/2012 അഡ്മിഷൻ ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 13 നും, നാലാംസെമസ്റ്റർ എം. ബി. എ (പുതിയ സ്കീം-2015 അഡ്മിഷൻ റഗുലർ/2012-2014 അഡ്മിഷൻ സപ്ലിമെന്ററി/സ്പെഷ്യൽ പരീക്ഷ), ആറാം സെമസ്റ്റർ ബി. വോക് (2014 അഡ്മിഷൻ റഗുലർ) എന്നീ ഡിഗ്രി പരിക്ഷകൾ 19 നും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**പരീക്ഷാഫലം**

2017 മെയ് മാസത്തിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. പോളിമർ കെമിസ്ട്രി (സി. എസ്. എസ് റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പത്തനംതിട്ട കത്തോലിക്കേറ്റ് കോളേജിലെ ആതിര വിനോദ്, അഞ്ചു പൗലോസ്, എ. ബിജിന എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അപേക്ഷകൾ സെപ്റ്റംബർ 8 വരെ സ്വീകരിക്കും.

**നെറ്റ്/ജെ. ആർ. എഫ് പരീക്ഷാപരിശീലനം**

യൂ. ജി. സി യുടെ മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ. ആർ. എഫ് പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്നു. വിവരങ്ങൾക്ക് ഫോൺ : 0481 - 2731025

**സ്കൂൾ ഓഫ് ലെറ്റേഴ്സ് : ഖലീൽ ജിബ്രാൻ കാവ്യോത്സവം അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ലെറ്റേഴ്സും, കെ. വി തമ്പി പഠന കേന്ദ്രവും, പൗലോസ് മാർ ഗ്രിഗോറിയസ് ചെയറും സംയുക്തമായി സംഘടിപ്പിക്കുന്ന 'ഖലീൽ ജിബ്രാൻ കാവ്യോത്സവം - 2017' ഇന്ന് (ആഗസ്റ്റ് 25) രാവിലെ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പ്രൊഫ. മധു ഇറവങ്കര, ഡോ. വി. സി. ഹാരിസ്, ഡോ. എം. എ. അഷ്ക്കർ, എ. മീര, ഡോ. ഉമർ തറമേൽ, റവ. ഫാദർ മാത്യൂ ദാനിയേൽ, ബാബു ജോൺ എന്നിവർ സംസാരിക്കും.

(ഇന്നത്തെ പത്ര സമ്മേളനം)

**ജൈവം – 2017 : എം. ജി. ജൈവസാക്ഷരതാ യജ്ഞം ആഗസ്റ്റ് 29 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.**

കോട്ടയം ജില്ലയിലെ പൗരന്മാരെ ജൈവസാക്ഷരരാക്കിമാറ്റാനായി മഹാത്മാഗാന്ധി സർവ്വകലാശാല രൂപം നൽകിയ പൊതുബോധന യജ്ഞത്തിന് ഓഗസ്റ്റ് 29 ന് തുടക്കമാവും. എം. ജി സർവ്വകലാശാലാ സ്പോർട്സ് ഗ്രൗണ്ടിൽ രാവിലെ 10 മണിക്ക് നടക്കുന്ന സമ്മേളനത്തിൽ കേരളാ മുഖ്യമന്ത്രി പിണറായി വിജയൻ ജൈവം പദ്ധതി ഉദ്ഘാടനം ചെയ്യും. വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ജൈവം സംഘാടക സമിതി ചെയർമാൻ അഡ്വ. പി. കെ. ഹരികുമാർ പദ്ധതി വിശദീകരണം നടത്തും. ജില്ലയിലെ 71 പഞ്ചായത്തുകളിലും 6 മുൻസിപ്പാലറ്റികളിലുമായുള്ള ഇരുപതു ലക്ഷത്തിൽപരം പൗരന്മാരെ ജൈവ ജീവനത്തിന്റെ പ്രസക്തിയും ജൈവ കൃഷിരീതികളും ബോധവൽക്കരിക്കുകയാണ് ലക്ഷ്യം. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെയും സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിൽ നിന്നുള്ള ധനസഹായത്തോടെയുമാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിനായി കേരള സർക്കാർ 3.5 കോടി രൂപ നൽകിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ 4,87,296 ഭവനങ്ങളിലും ജൈവകൃഷിരീതികളിൽ പരിശീലനം സിദ്ധിച്ച 10,000-ത്തിൽ പരം നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ നേരിട്ട് ചെന്ന് ജൈവ കൃഷിരീതികൾ പരിചയപ്പെടുത്തും. ഇത് സംബന്ധിക്കുന്ന സമഗ്ര കൃഷി ബോധന കൈപ്പുസ്തകം കൈമാറുകയും വിവരശേഖരണം നടത്തുകയും ചെയ്യും. ഓണാവധിക്കാലത്ത് ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ നാഷണൽ സർവ്വീസ് സ്കീമിന്റെ 118 സപ്തദിന ഓണക്കാല ക്യമ്പുകൾ ജൈവബോധവൽക്കരണത്തിനായി നടത്തും. ക്യാമ്പുകളുടെ ഭാഗമായി നടക്കുന്ന സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി ഗവേഷണ പ്രവർത്തനങ്ങൾക്ക് രൂപം നൽകും. ആറുമാസം നീണ്ടുനിൽക്കുന്ന ജൈവാധിഷ്ഠിത ബോധവൽക്കരണ യജ്ഞത്തിന്റെ തുടർപ്രവർത്തനത്തിനായി എല്ലാ വാർഡുകളിലും ജൈവപാഠശാലകളും ജൈവപീടികകളും സ്ഥാപിക്കും.

സിക്കിം ഓർഗാനിക് മിഷൻ, തമിഴ്നാട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, കേരളാ ജൈവകർഷക സമിതി എന്നിവർ ഈ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. കോളേജുകളിൽ സ്ഥാപിക്കുന്ന ജൈവകൃഷിതോട്ടങ്ങളിൽ മികച്ചവയെ കണ്ടെത്തി പുരസ്കാരങ്ങൾ നൽകും. ഈ പദ്ധതിയുടെ മെൻഡറിംഗ് കോ-ഓർഡിനേറ്റർമാർ സിൻഡിക്കേറ്റംഗങ്ങളായിരിക്കും. ഇന്ത്യൻ സർവ്വകലാശാലകളിൽ ഇദംപ്രഥമമായാണ് മഹാത്മാഗാന്ധി സർവ്വകലാശാല ജൈവ സാക്ഷരതാപദ്ധതി ഏറ്റെടുക്കുന്നത്.

പദ്ധതി നിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കാനായി പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിച്ചുകഴിഞ്ഞു. ജൈവബോധവൽക്കരണത്തിന്റെ ഭാഗമായി നടക്കുന്ന ഗൃഹസന്ദർശന വേളയിൽ ഓരോ വിദ്യാർത്ഥി സംഘത്തിന്റെയും പക്കലുള്ള ആൻഡ്രോയിഡ് ഫോണിലൂടെ ഗൃഹസന്ദർശനത്തിന്റേയും സർവ്വേയുടേയും വിവരങ്ങൾ തത്സമയം സർവ്വകലാശാലയിലും സർക്കാരിലും ലഭിക്കത്തക്ക സാങ്കേതിക ക്രമീകരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണ വേളയിലുടനീളം ഒരു സ്വതന്ത്രസമിതിയുടെ സോഷ്യൽ ഓഡിറ്റ് സംവിധാനവും ഏർപ്പെടുത്തും.

ജൈവ കൃഷിരീതി സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കാനായി ഹെൽപ്പ്ലൈൻ സംവിധാനവും (9656 384 219) ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ വേളയിൽ സമഗ്ര പഠന റിപ്പോർട്ടും സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടും പ്രസിദ്ധീകരിക്കും.

പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടക്കുന്ന ഉദ്ഘാടന സമ്മേളനത്തിൽ ജൈവജീവനം ഉറപ്പാക്കാനുള്ള പ്രതിജ്ഞ മുഖ്യമന്ത്രി ചൊല്ലിക്കൊടുക്കും. 118 കോളേജുകളിൽ നിന്നായി യൂണിഫോമണിഞ്ഞ 7,000 നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാരും അദ്ധ്യാപകരും ജീവനക്കാരും പൊതുജനങ്ങളും ചടങ്ങിൽ സംബന്ധിക്കും. ജോസ്. കെ. മാണി എം.പി ജൈവ ബോധന മാർഗ്ഗ രേഖ പ്രകാശനം ചെയ്യും. ജൈവം പദ്ധതിയുടെ ഭാഗമായി നടക്കുന്ന ബോധവൽക്കരണപ്രക്രിയ മോണിറ്റർ ചെയ്യാനുള്ള മൊബൈൽ ആപ് രാജു എബ്രഹാം എം. എൽ. എ ഉദ്ഘാടനം ചെയ്യും. കൈതപ്രം ദാമോദരൻ നമ്പൂതിരി രചിച്ച് ദീപാങ്കുരൻ സംഗീതം നൽകിയ ജൈവ ഗീതം അഡ്വ. കെ. സുരേഷ് കുറുപ്പ് എം. എൽ. എ. ഉദ്ഘാടനം ചെയ്യും. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. എ. ജോസ്, പ്രൊഫ. എം. എസ്. ലത, നാഷണൽ സർവ്വീസ് സ്കീം റീജിയണൽ ഡയറക്ടർ ജി. പി. സജിത് ബാബു എന്നിവർ ആശംസകൾ നേരും. വൈസ്ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ സ്വാഗതവും രജിസ്ട്രാർ എം. ആർ ഉണ്ണി കൃതജ്ഞതയും പ്രകാശിപ്പിക്കും.

ജൈവം 2017 ന്റെ പ്രസക്തി :

ജീവന്റെ നിലനില്പിന്റെ അടിസ്ഥാനം മണ്ണാണ്. എല്ലാ ജീവജാലങ്ങളും ജീവസന്ധാരണത്തിന് ആശ്രയിക്കുന്നത് മണ്ണിനെയാണ്. ഊർജ്ജദായക ഭക്ഷണം ഉല്പാദിപ്പിക്കുന്നത് ഹരിതസസ്യമാണ്. മണ്ണിലെ പോഷകമൂല്യങ്ങളാണ് കായ്കളിലും ധാന്യങ്ങളിലും ഉണ്ടാവുക. മണ്ണിന്റെ താഴെത്തട്ടിലുള്ള മൂലകങ്ങളെ മേൽമണ്ണിലേക്കുയർത്തിക്കൊണ്ടു വന്ന് പോഷകമൂലക സംയുക്തങ്ങളെ വിഘടിപ്പിച്ച് ചെടികൾക്ക് ആഗിരണം ചെയ്യാൻ പറ്റിയ അവസ്ഥയിലേക്ക് മാറ്റുന്നതിൽ മണ്ണിരകളും മറ്റ് സൂക്ഷ്മ ജീവികളും വഹിക്കുന്ന പങ്ക് വലുതാണ്. എന്നാൽ അമിത രാസവളപ്രയോഗത്താലും കീട, കുമിൾ, കള നാശിനികളുടെ ഉപയോഗത്താലും സൂക്ഷ്മജീവികൾ നശിക്കകയും ജൈവകാർബൺ സാന്നിദ്ധ്യം ഇല്ലാതാവുകയും ജൈവ പുന: ചംക്രമണ പ്രക്രിയ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും ധാന്യങ്ങളിലും വിഷാംശത്തിന്റെ സാന്നിദ്ധ്യം വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. ഫലമൂലാദികളുടെ തനത് സ്വാദ് ഇല്ലാതായി. ജലസ്രോതസ്സുകൾ മലിനമായിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെയും ജീവജാലങ്ങളുടെയും രോഗപ്രതിരോധ ശക്തി കുറയുകയും ആരോഗ്യാവസ്ഥ ക്ഷയിക്കുകയും ചെയ്തു.

വർദ്ധിച്ചു വരുന്ന രോഗാതുരതയും മാനസിക പിരിമുറുക്കവും കാലാവസ്ഥാ വ്യതിയാനവും ഒരു പരിധി വരെ ഭൂമി, ഭക്ഷണം, ജലം, വായു എന്നിവയുടെ മലിനീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അജൈവ വസ്തു

ക്കളുടെ വിന്യാസം പരിസ്ഥിതി സന്തുലിതാവസ്ഥയെ തകിടം മിറച്ചതിനാലാണിത്. മനുഷ്യരാശിയുടെ മാത്രമല്ല സർവ്വചരാചരങ്ങളുടേയും അസ്തിത്വം ഉറപ്പാക്കേണ്ട ബാധ്യത നമുക്കുണ്ട്. ജൈവ സാക്ഷരത ഈ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന ഉത്തമ ബോധ്യത്താൽ മഹാത്മാഗാന്ധി സർവ്വകാശാല അതിന്റെ സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിനായി രൂപം നൽകിയ വിപ്ലവകരമായ പദ്ധതിയാണ് ജൈവം - 2017. കോട്ടയം ജില്ലയിലെ പൗരന്മാരെ ഭക്ഷണത്തിന്റെ ഗുണനിലവാരത്തെക്കുറിച്ചും കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും കുടുംബാധിഷ്ഠിത സ്വയം പര്യാപ്തതയെക്കുറിച്ചും ബോധവത്കരിക്കാനും ജൈവാധിഷ്ഠിത സംസ്കാരത്തിലേക്ക് നയിക്കുകയുമാണ് ലക്ഷ്യം.

പത്രസമ്മേളനത്തിൽ വൈസ്ചാൻസലർ ഡോ. ബാബുസെബാസ്റ്റ്യൻ, രജിസ്ട്രാർ എം. ആർ. ഉണ്ണി, സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. ആർ. പ്രഗാഷ്, ഡോ. കെ. കൃഷ്ണദാസ്, കുമാരി ആര്യാ കൃഷ്ണൻ, ജൈവ കൃഷി വിദഗ്ധൻ കെ. വി. ദയാൽ, ഡോ. എ. പി. തോമസ്, ജൈവം കോ-ഓർഡിനേറ്റർ ജി. ശ്രീകുമാർ എന്നിവർ പങ്കെടുത്തു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**